നം. സി.ഇ.ഇ/413/2009/റ്റി.എ.2

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## പത്രക്കുറിപ്പ്

## 2009-ലെ പഞ്ചവത്സര എൽ.എൽ.ബി. കോഴ്സിലേയ്ക്കുള്ള സ്പെഷ്യൽ അലോട്ട്മെന്റ്

**2009-ലെ പഞ്ചവത്സര എൽ.എൽ.ബി. കോഴ്സിലേയ്ക്ക്** തൃശൂർ ഗവൺമെന്റ് ലോ കോളേജിൽ ഒഴിവുള്ള **രണ്ട്** സീറ്റുകളിലേയ്ക്ക് (ജനറൽ വിഭാഗം - 1, ലാറ്റിൻ കത്തോലിക് (ആംഗ്ലോ ഇൻഡ്യൻ ഒഴികെ) - 1), **27.10.2009 (ചൊവ്വാഴ്ച) രാവിലെ 10.30 ന്, പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ (ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം)** വച്ച് ഒരു സ്പെഷ്യൽ അലോട്ട്മെന്റ് നടത്തുന്നതാണ്.

2009-ലെ പഞ്ചവത്സര എൽ.എൽ.ബി. പ്രവേശന പരീക്ഷ എഴുതി റാങ്ക് ലിസ്റ്റിലുള്ളവരും, ഇതുവരെ അലോട്ട്മെന്റ് ലഭിക്കാത്തവരുമായ വിദ്യാർത്ഥികൾക്ക് ഈ സ്പെഷ്യൽ അലോട്ട്മെന്റിൽ പങ്കെടുക്കാം. പ്രസ്തുത വിദ്യാർത്ഥികൾ അവരവരുടെ അഡ്മിറ്റ് കാർഡ്, വിദ്യാഭ്യാസ യോഗ്യത, ജനനതീയതി, എന്നിവ തെളിയിക്കുന്ന അസ്സൽ രേഖകൾ സഹിതം *(ക്ലോസ് 16, പ്രോസ്പെക്ടസ് ശ്രദ്ധിക്കുക)*, 27.10.2009 രാവിലെ 10 മണിക്ക് തന്നെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ ഹാജരാകേണ്ടതാണ്. ഈ അലോട്ടുമെന്റിൽ പങ്കെടുക്കുന്നതിന് വ്യക്തിപരമായ മെമ്മോകൾ അയയ്ക്കുന്നതല്ല. 27.10.2009 - ൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ **30.10.2009** നോ അതിനു മുമ്പോ **തൃശൂർ, ഗവൺമെന്റ് ലോ കോളേജിൽ** ഹാജരായി പ്രവേശനം നേടിയിരിക്കണം.

കൂടുതൽ വിവരങ്ങൾക്ക് **www.cee-kerala.org** എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

തിരുവനന്തപുരം

20.10.2009

**പ്രവേശന പരീക്ഷാ കമ്മീഷണർക്ക്‌വേണ്ടി**